**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3240

13.03.2017 - ൽ മറുപടിക്ക്.

**കുടുംബശ്രീയിൽ ക്രമക്കേട് നടന്നുവെന്ന റിപ്പോർട്ട്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി യു.പ്രതിഭ ഹരി<br>ശ്രീ. വി. അബ്ദുറഹിമാൻ<br>പ്രൊഫ.കെ.യു.അരുണൻ<br>ശ്രീ. മുരളി പെരുനെല്ലി | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് കുടുംബശ്രീയിൽ കോടികളുടെ ക്രമക്കേട് നടന്നുവെന്ന അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ട് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;<br><br>(ബി) എങ്കിൽ ഏതെല്ലാം പദ്ധതികളിലാണ് അഴിമതിയും ക്രമക്കേടും ചട്ടലംഘനവും നടന്നതായി കണ്ടെത്തിയിട്ടുള്ളത്; | (എ) & (ബി) കുടുംബശ്രീയിൽ 2015-16 കാലയളവിലെ അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയിൽ ചില പ്രോജക്ടുകൾ നടപ്പാക്കിയതിൽ ന്യൂനതകളും ക്രമക്കേടുകളും തെറ്റുകളും സംഭവിച്ചിട്ടുള്ളതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിൽ സൂചിപ്പിച്ചിട്ടുള്ള തെറ്റുകൾ തിരുത്താൻ / ന്യൂനതകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചു വരികയാണ്. മീഡിയാശ്രീ, ഐ.എച്ച്.എസ്.ഡി.പി, പുനർജനി, ആജീവികാ സ്കിൽസ്, ഇന്റർനാഷണൽ കോൺഫറൻസ്, ബ്രാൻഡിംഗ് ഓഫ് കുടുംബശ്രീ പ്രോഡക്ട്സ്, എസ്.ജെ.എസ്.ആർ.വൈ/എൻ.യു.എൽ.എം സ്കീം കമ്മ്യൂണിറ്റി കോളേജ്, എന്നിവയാണ് എ.ജി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. |
| (സി) 2015 ആഗസ്റ്റിൽ കോവളത്ത് 82.78 ലക്ഷം രൂപ ചെലവഴിച്ച് നടത്തിയ അന്താരാഷ്ട്ര സമ്മേളനം, കുടുംബശ്രീയുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെട്ടിരുന്നതല്ല എന്നും ഇത് സംഘടിപ്പിക്കുന്നതിനായി ഇവന്റ് മാനേജ്മെന്റ് ടീമിന് കൂടുതൽ പണം അനുവദിച്ചതായും കണ്ടെത്തിയതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;<br><br>(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടിനും അഴിമതിയ്ക്കും ഉത്തരവാദികളായവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ? | (സി) & (ഡി) ഇന്റർനാഷണൽ കോൺഫറൻസിനായി പ്ലാൻ ഫണ്ടിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ അപ്രകാരം ഫണ്ട് വകമാറ്റി ചെലവഴിച്ചതും കോൺഫറൻസിനോടനുബന്ധിച്ച് bus branding ഇനത്തിൽ M/s Gradiasco-യ്ക്ക് 9.42 ലക്ഷം രൂപ അനുവദിച്ചതും ക്രമവിരുദ്ധമാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഈ വിഷയം വിശദമായി പരിശോധിച്ച് നടപടി കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ